**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5030 01.07.2013-ൽ മറുപടിയ്ക്ക്

**വരാപ്പുഴ പീഡന കേസ് അന്വേഷണം**

| ചോദ്യം<br>ശ്രീ. എസ് . ശർമ്മ | | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വരാപ്പുഴ പീഡന കേസിന്റെ അന്വേഷണം ഏത് വരെയായി എന്ന് വിശദമാക്കാമോ; | (എ) | ഈ കേസ്സിലെ കൃത്യത്തിൽ ഉൾപ്പെട്ടുവെന്ന് വെളിവായിട്ടുള്ള 73 പേരെ പ്രതി പട്ടികയിൽ ചേർത്ത് അന്വേഷണം നടത്തിയതിൽ 61 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 12 പ്രതികൾ ഒളിവിൽ കഴിയുന്നതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ലാത്തതും ആണ്. ഈ കേസ്സിലേക്ക് 9 ഭാഗം കുറ്റപത്രങ്ങൾ തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ടി കുറ്റപത്രങ്ങൾ വിചാരണയിലിരിക്കുകയുമാണ്. |
| (ബി) | പെൺകുട്ടി പ്രതികളെ തിരിച്ചറിഞ്ഞതിന്റെയും മൊഴിയുടെയും അടിസ്ഥാനത്തിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; ഇതിനകം എത്ര പേരെ ചോദ്യം ചെയ്തിട്ടുണ്ട്; | (ബി) | ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 86 പേരെ ഈ കേസിലേക്ക് ചോദ്യം ചെയ്തിട്ടുണ്ട്. |
| (സി) | പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ ഇതിനകം അന്വേഷണ സംഘം നടത്തിയ നടപടികൾ എന്തൊക്കെയാണ് | (സി) | ഈ കേസ്സിലെ കൃത്യത്തിൽ ഉൾപ്പെട്ടുവെന്ന് വെളിവായിട്ടുള്ള 73 പേരെ പ്രതി പട്ടികയിൽ ചേർത്ത് അന്വേഷണം നടത്തിയതിൽ 61 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 12 പ്രതികൾ ഒളിവിൽ കഴിയുന്നതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ലാത്തതുമാണ്. ഈ കേസ്സിൽ 9 ഭാഗം കുറ്റപത്രങ്ങൾ തയ്യാറാക്കി ബഹു നോർത്ത് പറവൂർ JFCM കോടതിയിൽ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുള്ളതും ആയതിൽ ഒന്നാമത്തെ കുറ്റപത്രം എസ്. സി 349/12 ആയി ബഹു എറണാകുളം അഡീഷണൽ സെഷൻസ് കോടതിയിൽ വിചാരണയിലിരിക്കുന്നതും മറ്റു കുറ്റപത്രങ്ങൾ യഥാക്രമം സി.പി. 25/12, 34/12, 37/12, 38/12, 39/12, 40/12, 41/12, 42/12 നമ്പരായി ബഹു നോർത്ത് പറവൂർ JFCM കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതുമാണ്. |
| (ഡി) | പ്രതികളെ രക്ഷപ്പെടുത്തുവാൻ ബോധപൂർവ്വം ശ്രമിക്കുന്നുവെന്ന് മാധ്യമങ്ങളിൽ വന്നിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വാർത്തയെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഗിരിഷ് ബാബു എന്നയാൾ ബഹു നോർത്ത് പറവൂർ JFCM കോടതിയിൽ സമർപ്പിച്ചിരുന്ന 414/2012 നമ്പർ പരാതിക്ക് അടിസ്ഥാനമായ കാര്യങ്ങൾ മാദ്ധ്യമങ്ങളിൽ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ടി വാർത്തയെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. |
| (ഇ) | വരാപ്പുഴ സ്ത്രീ പീഡന കേസിൽ ചാർജ് ഷീറ്റ് എന്ന് കോടതിയിൽ സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിചാരണ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്? | (ഇ) | കേസിൽ ഒളിവിൽ കഴിയുന്ന പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്ത് തെളിവുകൾ ശേഖരിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള കുറ്റപത്രങ്ങൾ ബഹു കോടതിയിൽ സമർപ്പിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ